**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 915 | 10.06.2019 -ൽ മറുപടിയ്ക്ക്

**മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റങ്ങൾ വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) പ്രൈമറി സെന്റർ ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർവത്കരണവും ഇ-ഓഫീസും നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) വെറ്ററിനറി ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർ വത്കരണം നടപ്പിലാക്കിയിട്ടുണ്ട്. വെറ്ററിനറി ഡിസ്പെൻസറികളിലെ ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഇ-ഓഫീസിൽ ലോഗിൻ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഫയലുകൾ ഇ ഓഫീസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നുള്ള പദ്ധതികളിലൂടെയും പ്രൈമറി സെന്റർ ഡിസ്പെൻസറികൾ മുഖേന കാർഷിക മേഖലയുടെ ഉന്നമനത്തിനായി ചെലവഴിക്കുന്ന ഫണ്ടുകളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിനുള്ളിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്കായി അനുവദിച്ച തുക<br>2016-17 - 219.55 കോടി<br>2017-18 - 217.57 കോടി<br>2018-19 - 233.76 കോടി<br>2016-17 ൽ അനുവദിച്ച തുകയെ അടിസ്ഥാനമാക്കി 2018-19 ൽ 14.21 കോടി രൂപയുടെ വർദ്ധനവുണ്ട്. ശതമാനത്തിൽ 6.47% വർദ്ധനവ്<br>കേന്ദ്ര സർക്കാരിന്റെ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുക<br><br>2016-17 - 8.21 കോടി<br>2017-18 - 8.88 കോടി<br>2018-19 - 14.05 കോടി |

2016-17 ൽ ലഭിച്ച തുകയെ അടിസ്ഥാനമാക്കി 2018-19 ൽ 5.84 കോടി രൂപ വർദ്ധനവുണ്ട്. ശതമാനത്തിൽ 71% ന്റെ വർദ്ധനവ്

| | |
|---|---|
| (ഡി) ഇതിന് അനുസൃതമായ സ്റ്റാഫ് പാറ്റേൺ, ഡിപ്പാർട്ട്മെന്റ് റീ-ഓർഗനൈസേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) ഡിപ്പാർട്ട്മെന്റ് റീ-ഓർഗനൈസേഷൻ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 07.02.2018 ന് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും മൃഗസംരക്ഷണ വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് കരട് പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**